261928/2024

**പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ**
**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം –തിരുവനന്തപുരം – സാങ്കേതികവിഭാഗം – എറണാകുളം ജില്ല –തൃക്കാക്കര നഗരസഭ- കാക്കനാട് വില്ലേജ്- ഓഫീസ് കം റെസിഡൻഷ്യൽ കെട്ടിട നിർമ്മാണം- കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തൃക്കാക്കര നഗരസഭ സെക്രട്ടറിയുടെ 06/02/2024 ലെ ടിപി4-ബിഎ-35/2023 നമ്പർ കത്ത്.
2. എറണാകുളം ജില്ലാ ടൗൺപ്ലാനറുടെ 05/03/2024 ലെ LSGD/JD/EKM/1270/2024-PLG4 നമ്പർ കത്ത്.

================================================================

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ്. നം. LSGD/PD/12630/2024-TCPA2 തീയതി:12-04-2024

================================================================

എറണാകുളം ജില്ലയിലെ തൃക്കാക്കര നഗരസഭ പരിധിയിലുള്ള കാക്കനാട് വില്ലേജിൽ സർവ്വേ നമ്പർ 728/2 (old Survey No.324) ൽ ഉൾപ്പെട്ട 2.33 ആർ സ്ഥലത്ത് 297.64 ച.മീ വിസ്തീർണ്ണമുള്ള ഓഫീസ് കം റെസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള കൺകറൻസ് അംഗീകാരത്തിനായി ശ്രീ.ഷഹദാദ്.കെ.എ, കടമ്പോട്ട് ഹൗസ്, ബ്ലോക്ക് റോഡ്, എറിയാട് പി.ഒ, തൃശ്ശൂരിന്റെ അപേക്ഷ പരാമർശം (1) കത്ത് പ്രകാരം തൃക്കാക്കര നഗരസഭ സെക്രട്ടറി ലഭ്യമാക്കുകയും, കൺകറൻസ് അനുവദിക്കാമെന്ന് പരാമർശം (2) പ്രകാരമുള്ള STP യുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ ടി നിർമ്മാണത്തിന് കെ.എം.ബി.ആർ 2019 നും Thrikkakkara-Pallupurakkal DTP Scheme പ്രകാരവും ചുവടെ വിവരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച KMBR 2019 ചട്ടം 9(2) പ്രകാരം ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. DTP സ്കീം വ്യവസ്ഥകൾക്ക് അനുസൃതമായുള്ള കൺകറൻസ് മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം, കെട്ടിട നിർമ്മാണാനുമതി എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയം

ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.

3. KMBR 2019 ചട്ടം 5(4) പ്രകാരം ആവശ്യമായ എല്ലാ വകുപ്പുകളുടെയും നിരാക്ഷേപപത്രം ലഭ്യമാക്കിയിരിക്കണം.
4. നിർമ്മാണം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിനും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കേണ്ടതാണ്.
5. കെ.എം.ബി.ആർ-2019 ചട്ടം 29(8) പ്രകാരം mandatory open yard ന്റെ 50 ശതമാനത്തിൽ കവിയാത്ത വിധത്തിൽ പ്ലോട്ടിൽ പാർക്കിംഗ് ക്രമീകരിക്കേണ്ടതാണ്. ആയത് നഗരസഭ ഉറപ്പ് വരുത്തേണ്ടതാണ്.
6. കെ.എം.ബി.ആർ -2019 ചട്ടം 26(10) പ്രകാരമുള്ള projections മാത്രമാണ് തുറസ്സായ സ്ഥലത്തേക്ക് നൽകിയിട്ടുള്ളു എന്ന് നഗരസഭ ഉറപ്പ് വരുത്തേണ്ടതാണ്.
7. Mandatory Setback -ൽ നൽകുന്ന പ്രൊജക്ഷൻസ് വരാന്ത ആയോ പാസ്സേജ് ആയോ ഉപയോഗിക്കുന്നില്ല എന്ന് നഗരസഭ ഉറപ്പു വരുത്തിയതിനു ശേഷം മാത്രമേ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാവു.
8. പാർക്കിംഗിനു ആവശ്യമായ maneuvering space ലഭ്യമാണെന്ന് നഗരസഭ ഉറപ്പു വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ഫമിദാ യൂസഫ്.എം
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

സെക്രട്ടറി, തൃക്കാക്കര നഗരസഭ, എറണാകുളം

പകർപ്പ്:-

1. ശ്രീ.ഷഹദാദ്.കെ.എ, കടമ്പോട്ട് ഹൗസ്, ബ്ലോക്ക് റോഡ്, എറിയാട് .പി.ഒ, തൃശ്ശൂർ-680666
2. ജില്ലാ ടൗൺപ്ലാനർ, എറണാകുളം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം